# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 499 - 29/06/2015 ലെ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എളമരം കരീം<br>ശ്രീ.സി.രവീന്ദ്രനാഥ്<br>ശ്രീ.എ.പ്രദീപ് കുമാർ<br>ശ്രീ.ജി.സുധാകരൻ | ശ്രീ.കെ.എം.മാണി<br>ബഹു. ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി |

### ധനകാര്യ കമ്മീഷന്റെ ശിപാർശ

| ചോദ്യം | മറുപടി |
|---|---|
| (എ)<br>റവന്യൂ കമ്മി നികത്തുന്നതിലേക്ക് പതിനാലാം ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്ത സഹായങ്ങൾ വിശദമാക്കമോ; എന്തെല്ലാം നിബന്ധനകൾക്ക് വിധേയമായിട്ടാണ് പ്രസ്തുത സഹായങ്ങൾ അനുവദിക്കുന്നത്; | റവന്യൂ കമ്മി നികത്തുന്നതിനായി പതിനാലാം ധനകാര്യ കമ്മീഷൻ 9,519 കോടി രൂപയുടെ ഗ്രാന്റ് 2015-18 കാലയളവിലേക്കായി സംസ്ഥാനത്തിന് ശിപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത ഗ്രാന്റ് റിലീസ് ചെയ്യുന്നതിന് പ്രത്യേക നിബന്ധനകളൊന്നും ധനകാര്യ കമ്മീഷൻ വച്ചിട്ടില്ല. എന്നാൽ സംസ്ഥാനങ്ങൾ സ്വീകരിക്കുന്ന ധന ദൃഢീകരണ നടപടികളുടേയും നികുതി കാര്യക്ഷമതയുടേയും അടിസ്ഥാനത്തിൽ മാത്രമേ റവന്യൂ കമ്മി ഗ്രാന്റ് അനുവദിക്കുകയുള്ളൂ എന്ന് കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| (ബി)<br>ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള ധന ദൃഢീകരണ പാതയിലെ ലക്ഷ്യം കൈവരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദീകരിക്കാമോ; | ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള ധന ദൃഢീകരണ പാതയിലെ ലക്ഷ്യം കൈവരിക്കുന്നതിന് അധിക വിഭവ സമാഹരണത്തിനായി 23/09/2014 ലെ സ.ഉ (പി) നം. 409/2014/ധന, 10/11/2014 ലെ സ.ഉ (പി) നം. 482/2014/ധന എന്നീ സർക്കാർ ഉത്തരവുകളിലൂടെയും ഉൽപ്പാദനക്ഷമമല്ലാത്ത ചെലവുകൾ നിയന്ത്രിക്കുന്നതിന് 08/08/2012 ലെ സ.ഉ (പി) നം. 442/2012/ധന, 11/10/2013 ലെ സ.ഉ (പി) നം. 515/2013/ധന, 23/01/2015 ലെ സ.ഉ (പി) നം. 48/2015/ധന എന്നീ സർക്കാർ ഉത്തരവുകളിലൂടെയും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി)<br>ഏതെല്ലാം മേഖലയിൽ എന്തെല്ലാം വിധത്തിലുള്ള സാമ്പത്തിക അച്ചടക്കം പാലിക്കാൻ ഉദ്ദേശിക്കുന്നു; വിശദമാക്കാമോ; | സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിന്റെ ഭാഗമായി ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>1. വിവിധ സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിയവിലെ ഉദ്യോഗസ്ഥരുടെ ഡെപ്യൂട്ടേഷൻ നിയമനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തി.<br>2. പുതിയ തസ്തികൾ സൃഷ്ടിക്കുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തി.<br>3. ആവശ്യമില്ലാത്ത താത്കാലിക തസ്തികകൾ കണ്ടെത്തുന്നതിനും അവസാനിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>4. സർക്കാർ ഉദ്യോഗസ്ഥരുടേയും മറ്റും വിദേശയാത്രകൾക്ക് നിയന്ത്രണം ഏർപ്പെടുത്തി.<br>5. വാഹനം വാങ്ങുന്നതിനും വാഹന ഉപയോഗത്തിനും കർശന നിയന്ത്രണം ഏർപ്പെടുത്തി.<br>6. സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ സർക്കാർ വകുപ്പുകൾ പദ്ധതി വിഹിതം യഥാർത്ഥത്തിൽ ചെലവുചെയ്യുന്നതിനു പകരം ട്രഷറി അക്കൗണ്ടിലേക്ക് മാറ്റി ചെലവുകാണിക്കുന്ന പ്രവണത നിർത്തലാക്കുന്നതിന് ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിങ് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്. |
| (ഡി)<br>ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം ബജറ്റിൽ പ്രതീക്ഷിച്ച തുക എത്ര? | പതിനാലാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം കേന്ദ്ര നികുതിയിനത്തിൽ 13,121.77കോടി രൂപ സംസ്ഥാനത്തിനായി കേന്ദ്ര ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പതിനാലാം ധനകാര്യ കമ്മീഷന് ശുപാർശ പ്രകാരമുള്ള ഗ്രാന്റുകൾക്കായി എല്ലാ സംസ്ഥാനങ്ങൾക്കുമായി 88,864.52 കോടി രൂപ 2015-16 വർഷത്തെ കേന്ദ്ര ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**